മിസ്റ്റർ പി. കെ. ഡീവർ: എറണാകുളത്തും തൃശ്ശിവപേരൂരും മദർ സുപ്പീരിയർ എന്ന പേരിലുള്ള ഉദ്യോഗം കാണുന്നുണ്ട്. എന്നാൽ മദർ സുപ്പീരിയർ എന്നു പറയുന്നതു് ഉദ്യോഗപ്പേരല്ല. അതു മതപരമായ ഒരു പേരാണു്. മേടൺ എന്നാണു് ഉദ്യോഗപ്പേരു്. അപ്പോൾ ആ സ്ഥാനത്തേക്കു് ഈ മദർ സുപ്പീരിയറായിട്ടുള്ളവരെ മാത്രമേ വെക്കാൻ പാടുള്ളുവെന്ന നിയമമുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: മേടൺ എന്ന ഉദ്യോഗമുണ്ടു്. അതിപ്പോൾ മദർ സുപ്പീരിയർ എന്ന സ്ഥാനമുള്ളവരായിരിക്കാം വഹിക്കുന്നതെന്നല്ലാതെ ആ സ്ഥാനത്തു വേറെ ആളെ വെയ്ക്കാൻ പാടില്ലെന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫ്: ഒരു കമ്മിറ്റിയെ വെച്ചിട്ടുണ്ടല്ലൊ. അവരുടെ റിപ്പോർട്ടിലെന്താണു് നേഴ്സുമാരുടെ ശമ്പളത്തെപ്പറ്റി പറഞ്ഞിരിക്കുന്നതു്?

റാവു ബഹദൂർ ടി. കെ. നായർ: കമ്മിറ്റിയുടെ റിപ്പോർട്ടിനെപ്പറ്റിയുള്ള വിവരങ്ങൾ ഇപ്പോഴെത്തന്നെ ചോദിച്ചാലും ഒന്നും പറയൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ജനങ്ങളെ ശ്വാസംമുട്ടിക്കുവാനുള്ള നിയമങ്ങൾ നടപ്പിലാക്കുവാനായിക്കൊണ്ടു് മദ്രാസ്സ് ഗവൺമെണ്ടിന്റെ പിന്നാലെ ഓടുന്ന കൊച്ചി ഗവൺമെണ്ടിന്നു ആ മദ്രാസ് ഗവൺമെണ്ടു കൊടുക്കുന്ന ശമ്പളം നേഴ്സുമാർക്കു കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കാൻ ദയവുണ്ടാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: അതിനെക്കുറിച്ചൊക്കെ ആലോചിക്കാനാണു കമ്മിറ്റിയെ വെച്ചതു്.

മിസ്റ്റർ പി. കെ. ഡീവർ: ഇനി മേടന്റെ സ്ഥാനം ഒഴിവുവന്നാൽ ഈ നെഴ്സുമാരേയൊ ട്യൂട്ടർ നെഴ്സുമാരേയൊ പ്രമോട്ടു ചെയ്യുമൊ?

റാവു ബഹദൂർ ടി. കെ. നായർ: വിരോധം ഇല്ലെന്നു പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ പി. ടി. ജേക്കബ്: കൊച്ചി രാജ്യത്തിൽ മദർ സുപ്പീരിയരെ നിയമിച്ചു തുടങ്ങീട്ടു എത്ര കാലമായി?

റാവു ബഹദൂർ ടി. കെ. നായർ: നോട്ടീസ്സ് വേണം.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: മദർ സുപ്പീരിയരും സിസ്റ്റേഴ്സും മറ്റും Religious ആയിട്ടുള്ള പേരുകളാണു്. അവക്കു പരീക്ഷ ഇല്ല; ട്രെയിനിംഗ് ഇല്ലെന്നൊക്കെ ചിലർ പറഞ്ഞു. ഇതിൽ രണ്ടൊ നാലൊ സിസ്റ്റേഴ്സ് കൽക്കട്ടയിൽ പോയി പാസ്സായവരാണെന്നു ഗവൺമെണ്ടിനു് അറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: കൽക്കട്ടയിൽപോയിവന്നിട്ടുള്ള രണ്ടുപേരുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: സാധാരണ സിസ്റ്റേഴ്സിനെ ഇപ്പോഴും മദർ സുപ്പീരിയരായും വാർഡ് സിസ്റ്റേഴ്സ് ആയും നിയമിക്കാൻ വിരോധമില്ലെന്നു പറഞ്ഞു. എന്നാൽ ഈ പേരുകളും രണ്ടും ഒരു പ്രത്യേക മതപരമായ പേരുകളാകയാൽ ആ പേരു രണ്ടും മാറ്റി ആ ഉദ്യോഗങ്ങൾക്കു വേറെ ഏതെങ്കിലും ഔദ്യോഗികനാമം കൊടുക്കുമോ?

റാവു ബഹദൂർ ടി. കെ. നായർ: ആലോചിക്കാൻ വിരോധമില്ല.

ADMISSION TO MAHARAJA'S COLLEGE

216. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിലെ അഡ്മിഷനെ സംബന്ധിച്ചു വല്ല നിയമവും പ്രയോഗത്തിൽ വരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി നിയമത്തിന്റെ ഒരു പകർപ്പു സദയം മേശപ്പുറത്തു വെക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വു്.

(ബി) ഒരു പകർപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly